മലങ്കര സുറിയാനി കത്തോലിക്കാസഭ

തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 25 | 2020 ജൂലൈ, ആഗസ്റ്റ് | ലക്കം 7, 8





ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 67 – ാം ഓർമ്മപ്പെരുന്നാളിൽ
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുന്നു.
(15 ജൂലൈ 2020, പട്ടം കത്തീഡ്രൽ)



തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ഭരണ നിബന്ധനകൾ (SMAT) അത്യഭിവന്ദ്യ
കാതോലിക്കാബാവാ തിരുമേനി വിളംബരം ചെയ്യുന്നു. (15 ജൂലൈ 2020, പട്ടം കത്തീഡ്രൽ)

## മലങ്കര സുറിയാനി കത്തോലിക്കാസഭ

### തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 25 2020 ജൂലൈ-ആഗസ്റ്റ് ലക്കം 7,8

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്‌വ്.

Prot. No. CPL 1/2020

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

## ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 67-ാം ഓർമ്മപ്പെരുന്നാൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

ദൈവാനുഗ്രഹത്തിൽ അഭിഷിക്തനും അനേകരെ ദൈവസന്നിധിയിലേക്ക് ആനയിച്ച പുണ്യപിതാവുമായ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 67-ാമത് ഓർമ്മപ്പെരുന്നാൾ മലങ്കര സുറിയാനി കത്തോലിക്കാസഭ 2020 ജൂലൈ 1 മുതൽ 15 വരെ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ആചരിക്കുകയാണ്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ മാനിച്ചുകൊണ്ട്, താഴെപ്പറയുന്ന രീതിയിലാണ് ഈ വർഷത്തെ ഓർമ്മപ്പെരുന്നാൾ നടത്തപ്പെടുന്നത്.

1. ജൂലൈ 1-ാം തീയതി രാവിലെ 7 മണിക്ക് റാന്നി-പെരുനാട് ഇടവക ദൈവാലയത്തിൽ ഞാൻ വി. കുർബാന അർപ്പിക്കുന്നതാണ്. 50 പേരടങ്ങുന്ന സമൂഹം വി. കുർബാനയിൽ സംബന്ധിക്കുന്നതാണ്.

അന്നേ ദിവസം രാവിലെ മുതൽ പട്ടത്ത് കബറിങ്കൽ വന്ന് പ്രാർത്ഥിക്കുന്നതിന് സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കോവിഡ്-19ന്റെ നിയന്ത്രണങ്ങൾ കർശനമായി പാലിച്ചുകൊണ്ടുതന്നെയാണ് ഈ ക്രമീകരണങ്ങൾ ചെയ്യുന്നത്. ഒരേ സമയം കത്തീഡ്രൽ ക്യാമ്പസിൽ 75 പേരിൽ കൂടുതൽ ആളുകൾ ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല. 25 ആളുകൾ വരെയുള്ള സംഘത്തിന് വി. കുർബാന അർപ്പിക്കുന്നതിന് മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. രാവിലെ 10 മുതൽ വൈകുന്നേരം 5 മണിവരെ 8547203792 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ദയവായി മറ്റ് വ്യക്തികളെ വിളിച്ച് ഈ ക്രമീകരണത്തിന് ശ്രമിക്കരുതേ എന്ന് ഓർമ്മപ്പെടുത്തുന്നു.

2. എല്ലാ ദിവസവും വൈകുന്നേരം 5 മണിക്ക് കത്തീഡ്രലിൽ വി. കുർബാനയും തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. Live Streaming- ലൂടെ പരമാവധി ആളുകൾക്ക് ലൈവായി ഇതിൽ സംബന്ധിക്കുവാനുള്ള ക്രമീകരണമാണ് നടത്തുന്നത്.

3. നമ്മുടെ അഭിവന്ദ്യ പിതാക്കന്മാർ, സാധിക്കുന്നിടത്തോളം, ഓരോ ദിവസവും കത്തീഡ്രലിൽ വി. കുർബാന അർപ്പിക്കുന്നതും കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുന്നതുമാണ്. അഭിവന്ദ്യ ഭദ്രാസനാധ്യക്ഷൻമാർ വി. കുർബാന അർപ്പിക്കുമ്പോൾ അന്നേദിവസം പ്രസ്തുത ഭദ്രാസനത്തിലെ 25 അംഗങ്ങൾക്ക് വി. കുർബാനയിൽ സംബന്ധിക്കാവുന്നതാണ്. അതിന്റെ ക്രമീകരണം അഭിവന്ദ്യ ഭദ്രാസനാധ്യക്ഷൻമാർ ചെയ്യുന്നതാണ്.

4. ഭദ്രാസനങ്ങളിലെ പങ്കാളിത്തത്തിന് പുറമേ 25 പേർക്കുകൂടി എല്ലാ ദിവസത്തെയും വി. കുർബാനയിൽ സംബന്ധിക്കുന്നതിന് സാധിക്കുന്നതാണ്. ഇതിനായി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ് (8547203792 - രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ).

5. ജൂലൈ 1 മുതൽ 14 വരെയുള്ള ദിവസങ്ങളിലെ ശുശ്രൂഷകളും ജൂലൈ 14 ചൊവ്വാഴ്ചയിലെ സന്ധ്യാനമസ്കാരവും ധൂപപ്രാർത്ഥനയും ശ്ലൈഹിക ആശീർവാദവും തുടർന്ന് ജൂലൈ 15 ബുധനാഴ്ച പട്ടത്ത് സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് നടക്കുന്ന ഓർമ്മപ്പെരുന്നാൾ ശുശ്രൂഷകളും മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രത്തിന്റെ You tube channel (www.youtube.com/c/mountcarmelministriestrivandrum) വഴി തൽസമയം സംപ്രേഷണം ചെയ്യുന്നതാണ്. ജൂലൈ 1-ാം തീയതി രാവിലെ 7 മണിക്ക് പെരുന്നാട്ടിൽ വച്ചുള്ള വി. കുർബാനയും ശുശ്രൂഷകളും ജൂലൈ 15-ന്

രാവിലെ 8 മുതൽ പട്ടത്ത് കത്തീഡ്രലിൽ ഉള്ള വി. കുർബാനയും ശുശ്രൂഷകളും ഷെക്കൈയ്ന ടെലിവിഷൻ ചാനൽ പ്രത്യേകം സംപ്രേഷണം ചെയ്യുന്നതാണ്.

6. ഓർമ്മതിരുന്നാൾ ദിവസമായ ജൂലൈ 15-ാം തീയതി രാവിലെ 8.00-മണിക്ക് പ്രഭാതനമസ്കാരം, ആഘോഷമായ പൊന്തിഫിക്കൽ കുർബാന, കബറിങ്കൽ ധൂപപ്രാർത്ഥന, നേർച്ചവിളമ്പ് എന്നിവയുണ്ടായിരിക്കുന്നതാണ്. നമ്മുടെ എല്ലാ ഭദ്രാസനങ്ങളെയും പ്രതിനിധാനം ചെയ്ത് അഭിവന്ദ്യ പിതാക്കന്മാരും സന്ന്യാസ സമൂഹങ്ങളുടെ പ്രതിനിധിയായി ബഥനി ആശ്രമ സുപ്പീരിയർ ജനറാൾ അച്ചനും ഭദ്രാസനങ്ങൾക്ക് പുറത്തുള്ള റീജിയനുകളിലെ കോർഡിനേറ്റർമാരും സഹകാർമ്മികരായി വി. കുർബാനയിൽ സംബന്ധിക്കുതാണ്. കോവിഡ്-19 ന്റെ സുരക്ഷാ ക്രമീകരണങ്ങളുടെയും നിയന്ത്രണങ്ങളുടെയും പശ്ചാത്തലത്തിൽ മറ്റ് ബഹു. വൈദികർക്ക് ഈ വർഷം വി. കുർബാനയിൽ സഹകാർമ്മികരാകുവാൻ സാധിക്കുകയില്ലാ എന്ന വിവരം ഖേദത്തോടെ ഞാൻ അറിയിക്കുന്നു.

7. എല്ലാ വർഷവും പെരുനാട് മുതൽ പട്ടം കത്തീഡ്രൽ വരെ നടത്തിവരുന്ന തീർത്ഥാടന പദയാത്ര ഈ വർഷം ഉണ്ടായിരിക്കുന്നതല്ല എന്നറിയിക്കുന്നു. ഗവൺമെന്റ് വച്ചിരിക്കുന്ന കോവിഡ്-19 നിയന്ത്രണങ്ങൾ അനുസരിക്കേണ്ടത് എല്ലാവരുടെയും സുരക്ഷയ്ക്കുവേണ്ടി കൂടിയാണ്. അനൗദ്യോഗിക ചെറു പദയാത്രകൾ അനുവദിക്കാത്തതിന്റെ കാരണം മേൽപ്പറഞ്ഞ കാരണത്താൽ വ്യക്തമാണല്ലോ. എല്ലാവരും ഈ നിർദ്ദേശത്തോട് സഹകരിക്കേണ്ടതാണ്.

8. ഓർമ്മപ്പെരുന്നാൾ കഴിഞ്ഞുവരുന്ന ജൂലൈ 19-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ആരാധനാലയങ്ങളിലും വന്ദ്യ പിതാവിന്റെ 67-ാം ഓർമ്മപ്പെരുന്നാൾ സമുചിതമായി വി. കുർബാന, ധൂപപ്രാർത്ഥന ഇവ നടത്തി ആഘോഷിക്കേണ്ടതാണ്.

9. ജൂലൈ 1 മുതൽ 15 വരെയുള്ള ദിവസങ്ങൾ പ്രത്യേക നോമ്പുകാലമായി നമ്മുടെ സഭ അനുശാസിക്കുന്നതനുസരിച്ച് നോമ്പിന്റെ അരൂപിയിൽ ഈ 15 ദിവസങ്ങളും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും വർജ്ജനയുടെയും അരൂപിയിൽ സാധിക്കുന്നിടത്തോളം ഏവരും പ്രാർത്ഥിക്കേണ്ടതും ആയിരിക്കേണ്ടതുമാണ്.

10. മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുന്നാൾ ദിനമായ ജൂലൈ 3-ാം തീയതി നോമ്പ് ഉണ്ടായിരിക്കുന്നതല്ല. ആഘോഷമായ പെരുന്നാൾ ദിനമായി ആ ദിനം ഏവരും ആഘോഷിക്കേണ്ടതാണ്.

വിശുദ്ധിയുടെ പൂർണ്ണത പ്രാപിക്കുവാൻ നമ്മുടെ കർത്താവിൽ നിന്നും ലഭിച്ച താലന്തുകളെ ദൈവമഹത്വത്തിനും മനുഷ്യസേവനത്തിനുമായി പ്രതിഷ്ഠിച്ചുകൊണ്ട് ജീവിച്ച നമ്മുടെ വന്ദ്യപിതാവിനെ മാതൃകയായും മദ്ധ്യസ്ഥനായും ആഗോളസഭയ്ക്ക് ലഭിക്കുന്നതിനായി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം. ദൈവദാസന്റെ വിശുദ്ധപദ നാമകരണ നടപടികൾ പുരോഗമിക്കുന്നു. സഭാംഗങ്ങളായ നിങ്ങൾ ഏവരുടേയും ഹൃദയം നിറഞ്ഞ തീക്ഷ്ണമായ പ്രാർത്ഥനകൾ ഈ നടപടികളെ ഏറെ ഫലദായകമാക്കും. 67-ാം ഓർമ്മപ്പെരുന്നാൾ സഭാതലത്തിൽ ആഘോഷിക്കുന്നതിന് കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ഏറെ തടസ്സങ്ങൾ നേരിടുന്നുവെങ്കിലും നമ്മുടെ കുടുംബങ്ങളിലും കൂട്ടായ്മകളിലും ഇടവകകളിലും ഹൃദ്യമായും തീവ്രമായും നമുക്ക് വന്ദ്യപിതാവിന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കാം, നാമകരണ നടപടികളുടെ വിജയത്തിനായി തീക്ഷ്ണതയോടെ പ്രാർത്ഥിക്കാം. ദൈവദാസന്റെ മാദ്ധ്യസ്ഥം നമുക്ക് കോട്ടയായിരിക്കട്ടെ.

ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ.**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്.

20.06.2020
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

---

N.B: ഈ കല്പന, അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, സന്യാസഭവനങ്ങളിലും, വൈദിക-സന്യസ്ത പരിശീലന ഭവനങ്ങളിലും ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതും ഭദ്രാസന പ്രസിദ്ധീകരണങ്ങളിൽ ഇടയലേഖനമായി നൽകേണ്ടതുമാണ്.

# ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ 67–ാം ഓർമ്മപ്പെരുന്നാൾ

ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ 67–ാം ഓർമ്മപ്പെരുന്നാൾ 2020 ജൂലൈ 15–ന് ആഘോഷിച്ചു. ഓർമ്മപ്പെരുന്നാൾ ആഘോഷത്തിന്റെ ഒരുക്കമായി ജൂലൈ ഒന്നു മുതൽ പതിനാലു വരെയുള്ള ദിവസങ്ങൾ തീർത്ഥാടന- പ്രാർത്ഥനാദിനങ്ങളായി ആചരിച്ചു. ഈ ദിവസങ്ങളിൽ പട്ടം സെന്റ് മേരീസ് കത്തീഡ്രലിലുള്ള ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കൽ പ്രത്യേക പ്രാർത്ഥനശുശ്രൂഷകൾ കോവിഡ് 19 വ്യാപന നിയന്ത്രണത്തിന് അനുസരിച്ച് നടത്തപ്പെട്ടു. എല്ലാ ദിവസവും വൈകിട്ട് 5.00–ന് സന്ധ്യാനമസ്കാരവും വി. കുർബാനയും ധൂപപ്രാർത്ഥനയും ഉണ്ടായിരുന്നു.

2020 ജൂലൈ 1–ന് റാന്നി പെരുന്നാട്ടിലെ കുരിശുമലയിൽ രാവിലെ 6.30–ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കപ്പെട്ടു. പത്തനംതിട്ട ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി, അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി, ബഹു. വൈദികർ എന്നിവർ സഹകാർമ്മികരായി.

പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ ജൂലൈ 1–ന് വൈകിട്ട് 5.00–ന് മേജർ അതിഭദ്രാസനത്തിന്റെ മുഖ്യ വികാരിജനറാൾ വന്ദ്യ മാത്യു മനക്കരക്കാവിൽ കോർഎപ്പിസ്കോപ്പാ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ജൂലൈ 2–ന് സെന്റ് എഫ്രേം പൂനെ-കഡ്കി ഭദ്രാസനത്തിന്റെ വികാരി ജനറാൾ വർഗ്ഗീസ് അങ്ങാടിയിൽ അച്ചൻ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ജൂലൈ 3–ന് മാർത്തോമ്മാശ്ലീഹയുടെ ദുഃഖറോന തിരുനാളിൽ മൂവാറ്റുപ്പുഴ ഭദ്രാസനത്തിന്റെ വിരമിത മെത്രപ്പോലിത്താ അഭിവന്ദ്യ ഡോ. എബ്രഹാം മാർ ജൂലിയോസ് തിരുമേനി വി.കുർബാന അർപ്പിച്ച്

വചനസന്ദേശം നൽകി. ജൂലൈ 4-ന് തിരുവല്ല അതിഭദ്രാസനദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ജൂലൈ 5-ന് സെന്റ് മേരീസ് മലങ്കര സെമിനാരി റെക്ടർ വെരി. റവ. ഡോ. സണ്ണി മാത്യു വി. കുർബാന അർപ്പിച്ച് വചന സന്ദേശം നല്കി. ജൂലൈ 6-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ വികാരി വെരി. റവ. ജോൺ പടിപ്പുരയ്ക്കൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നല്കി. ജൂലൈ 7-ന് തിരുവനന്തപുരം മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. തോമസ് മുകളുപ്പുറത്ത് വി. കുർബാന അർപ്പിച്ചു, റവ. ഫാ. ജോസഫ് പുളിമൂട്ടിൽ വചന സന്ദേശം നൽകി.

ജൂലൈ 8-ന് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ വികാരി ജനറാൾ റൈറ്റ് റവ. ഡോ. വർക്കി ആറ്റുപ്പുറത്ത് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ജൂലൈ 9-ന് മലങ്കര സുറിയാനി കത്തോലിക്കാസഭ സുവിശേഷ സംഘം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. ആന്റണി കാക്കനാട്ട് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ജൂലൈ 10-ന് തിരുവനന്തപുരം അതിഭദ്രാസന ചാൻസിലറും നാമകരണ നടപടികളുടെ വൈസ് പോസ്റ്റുലേറ്ററുമായ റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ജൂലൈ 11-ന് റൈറ്റ്. റവ. എബ്രഹാം കരിമ്പനാമണ്ണിൽ റമ്പാൻ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ജൂലൈ 12-ന് സെന്റ് അലോഷ്യസ് സെമിനാരി റെക്ടർ വെരി. റവ. ഡോ. ജോൺ കുറ്റിയിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ജൂലൈ 13-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ സെക്രട്ടറി റവ. ഫാ. ജോൺ ആലുവിള വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

ജൂലൈ 14-ന് ഉച്ചയ്ക്ക് 12.00-ന് ബഥനി സന്യാസ സമൂഹം തിരുവനന്തപുരം നവജീവൻ പ്രൊവിൻഷ്യാൽ വെരി. റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ വി. കുർബാന അർപ്പിച്ചു. വെരി. റവ. ഡോ. സിറിൾ ആനന്ദ് വചനസന്ദേശം നൽകി. വൈകിട്ട് 4.00-ന് കത്തീഡ്രൽ സഹവികാരി റവ. ഫാ. ജോർജ്ജ് കൈമലയിൽ വി. കുർബാന അർപ്പിച്ചു. റവ. ഫാ. ജേക്കബ് ഇളമ്പള്ളൂർ വചന സന്ദേശം നൽകി.

വൈകുന്നേരം 5.30 ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ കത്തീഡ്രലിൽ സന്ധ്യാനമസ്കാരത്തെ തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥന നടന്നു. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ സഭയെ മുഴുവൻ പ്രതിനിധാനം ചെയ്ത് എല്ലാ വിശ്വാസികളുടെയും നിയോഗംപേറി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി മെഴുകുതിരി പ്രദക്ഷിണ നേർച്ച നടത്തി. മെഴുകുതിരി പ്രദക്ഷിണത്തിന് ശേഷം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കത്തീഡ്രൽ മദ്ബഹായിൽ വച്ച് സഭയ്ക്കും നാടിനുമായി ശ്ലൈഹീക ആശീർവാദം നൽകി.

2020 ജൂലൈ 15 ബുധനാഴ്ച രാവിലെ 8.00-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ മൂന്നാം മണിയുടെ നമസ്കാരം നടന്നു. അതേത്തുടർന്ന് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി ആഘോഷമായ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

വിശുദ്ധ കുർബാനയ്ക്ക് ശേഷം തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ഭരണ നിബന്ധനകൾ (SMAT) അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി വിളംബരം ചെയ്തു. തുടർന്ന് ഏതാനും പുസ്തകങ്ങളുടെ പ്രകാശനവും നിർവഹിച്ചു. അതിനുശേഷം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി വിശ്വാസി സമൂഹത്തെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ചു. തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും സമാപന ആശീർവാദവും നടന്നു.

## NAPSEC-Malankara

മാന്യമായ ജീവിതം പുലർത്തുന്നതിന് അനുകൂലമായ സാഹചര്യം സഭയിൽ നിലനിർത്തുന്നതിന്, പരി. ഫ്രാൻസിസ് മാർപാപ്പാ "നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു" (*Vos estis lux mundi*) എന്ന ഡിക്രി വഴി 2019-ൽ എല്ലാ ഭദ്രാസനങ്ങളിലും ഒരു 'Safe Environment Committee' ഒരു വർഷത്തിനകം രൂപീകരിക്കണമെന്ന് എല്ലാ ഭദ്രാസനാദ്ധ്യക്ഷൻമാരോടും നിർദ്ദേശിച്ചതനുസരിച്ചും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 23-ാമത് പരി. എപ്പിസ്കോപ്പൽ സുനഹദോസിന്റെ തീരുമാനപ്രകാരവും എല്ലാ ഭദ്രാ

സനങ്ങളിലും ഒരു Safe Environment Committee സ്ഥാപിതമായി. ഈ കമ്മിറ്റിയുടെ നിയമാവലി 2020 ജൂൺ 29-ന് വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുന്നാൾ ദിവസം 'Norms and Procedures of Safe Environment Committee (NAPSEC-Malankara)' മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ഭദ്രാസനങ്ങൾക്കെല്ലാമായി സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കാതോലിക്കാബാവാ വിളംബരം ചെയ്തു. ഇതനുസരിച്ച് എല്ലാ ഭദ്രാസനങ്ങളിലും Safe Environment Committee 2020 ജൂലൈ 15ന് നിലവിൽ വന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുനഹദോസിന്റെ തീരുമാനപ്രകാരം ഈ കമ്മിറ്റിയുടെ പ്രധാനചുമതല ഒരു വനിതയായിരിക്കും നിർവ്വഹിക്കുക. 5 മുതൽ 7 വരെ അംഗങ്ങളാണ് ഈ കമ്മിറ്റിയിലുള്ളത്. നമ്മുടെ സഭയിലെ ഇടവകകളിലും സ്ഥാപനങ്ങളിലും ശുശ്രൂഷ ചെയ്യുന്നവരാണ് ഇതിന്റെ പരിധിക്കുള്ളിൽ വരുന്നത്. പ്രായപൂർത്തിയാകാത്തവരുടെയും ശാരീരിക-മാനസിക ദുർബലാവസ്ഥയിലുള്ളവരുടെയും സ്ത്രീകളുടെയും വ്യക്തിപരമായ സുരക്ഷിതത്വവും ആത്മാഭിമാനവും സംരക്ഷിക്കപ്പെടുന്നതിന് ഈ കമ്മിറ്റിയുടെ പ്രവർത്തനം സഹായിക്കും. ലൈംഗിക പീഢനത്തിൽ നിന്നും രക്ഷിക്കുന്നതിനും, പീഢനമുണ്ടായാൽ അന്വേഷിച്ച് തുടർനടപടി നിർദ്ദേശിക്കുന്നതിനും ഈ കമ്മിറ്റിയ്ക്ക് അധികാരം ഉണ്ടായിരിക്കും. വൈദികർ/ സന്യസ്തർ/ സഭാസ്ഥാപനങ്ങളിൽ വിവിധ തരത്തിൽ ശുശ്രൂഷ ചെയ്യുന്നവർ (വൈദിക വിദ്യാർത്ഥികൾ, ഇടവക കൈക്കാരൻ, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ, സൺഡേസ്കൂൾ അദ്ധ്യാപകർ, സ്കൂളുകളിലെയും കോളേജുകളിലെയും അദ്ധ്യാപകർ സഹായ ശുശ്രൂഷകർ) എന്നിവരെല്ലാം ഈ Safe Environment Committee യുടെ നിബന്ധനകൾ പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. നിർഭാഗ്യവശാൽ ഏതെങ്കിലും തരത്തിലുള്ള പീഢനമോ ചൂഷണമോ നമ്മുടെ ഭദ്രാസനങ്ങളിൽ ഉണ്ടായാൽ ആർക്കും ഈ കമ്മിറ്റിയ്ക്ക് റിപ്പോർട്ട് നൽകാവുന്നതാണ്. നിയമാവലിയുടെ വെളിച്ചത്തിൽ ഈ കമ്മിറ്റി എത്രയും വേഗം ഇതിന്റെ സത്യാവസ്ഥ പരിശോധിച്ച് ഭദ്രാസനാദ്ധ്യക്ഷന് റിപ്പോർട്ട്

നൽകുന്നതാണ്. അതിന്റെ വെളിച്ചത്തിൽ ഭദ്രാസനാദ്ധ്യക്ഷൻ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

## APSEC-Malankara

ഭദ്രാസനതലത്തിലുള്ള Safe Environment Committee യുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും അതിലെ തീരുമാനങ്ങളിൽ അപ്പീൽ നൽകുന്നതിനുമുള്ള മേൽ സമിതിയാണ് APSEC-Malankara. സഭയുടെ ആസ്ഥാനകാര്യാലയമായ പട്ടം കാതോലിക്കേറ്റ് സെന്ററിലായിരിക്കും ഇത് പ്രവർത്തിക്കുക.

## അത്യഭിവന്ദ്യ കാതോലിക്കാബാവാ മതാന്തര സംവാദത്തിനായുള്ള കൗൺസിൽ അംഗം

മതാന്തര സംവാദത്തിനായുള്ള വത്തിക്കാന്റെ - Pontifical Council for Interreligious Dialogue (PCID)- കൗൺസിലിൽ അംഗമായി അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയെ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ നിയമിച്ചു. രണ്ടാം വത്തിക്കാൻ സുനഹദോസിന് ശേഷം 1964-ൽ വി. പോൾ ആറാമൻ മാർപാപ്പയാണ് ഈ സമിതി സ്ഥാപിച്ചത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ മറ്റ് മതങ്ങളുമായി ചർച്ചകൾ നടത്തുന്നതിനും പരസ്പരം മനസ്സിലാക്കുന്നതിനും ബഹുമാനിക്കുന്നതിനും ചർച്ചകൾക്ക് താല്പര്യമുള്ളവരെ പരിശീലിപ്പിക്കുന്നതിനുമാണ് ഈ സമിതി സ്ഥാപിതമായിരിക്കുന്നത്. അഞ്ച് വർഷത്തേയ്ക്കാണ് ഈ നിയമന കാലാവധി. വത്തിക്കാൻ ആസ്ഥാനമായുള്ള ഈ സമിതിയിൽ കഴിഞ്ഞ അഞ്ച് വർഷമായി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അംഗമായിരുന്നു. ഈ കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി വഹിച്ച പങ്കിന്റെയും നേതൃത്വത്തിന്റെയും അംഗീകാരമാണ്, വീണ്ടും ഈ സമിതിയിൽ അംഗമായി നിയമിതനാകുന്നത്.

**മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രാർത്ഥനാശംസകൾ!**

THE SYRO-MALANKARA CATHOLIC CHURCH

**MAJOR ARCHDIOCESE OF TRIVANDRUM**

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695004

Prot. No. CL TVM 08/2020

**വിഷയം : NAPSEC-Trivandrum (Safe Environment Committee)**

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, വിശ്വാസികളേ,

ലോകത്തിന്റെ അതിർത്തികളോളം പോയി സുവിശേഷം പ്രസംഗിക്കുവാനും ദൈവ സ്നേഹത്തിന്റെ സാക്ഷികളാകാനും നമ്മുടെ കർത്താവ് കല്പ്പിച്ചതനുസരിച്ചാണല്ലോ സഭ ഈ ലോകത്തിൽ നിലനിൽക്കുന്നത്. സമാധാനത്തിലും സന്തോഷത്തിലും സ്വാതന്ത്ര്യത്തിലും ജീവിച്ചുകൊണ്ട് പരിശുദ്ധ ത്രിത്വത്തിന്റെ മാതൃക ഈ ലോകത്തിന് കാണിച്ച് കൊടുക്കുകയാണ് തിരുസഭ. പരസ്പരം ബഹുമാനിക്കുന്നതിലും പ്രയാസം അനുഭവിക്കുന്നവരുടെ വേദന അകറ്റുന്നതിലും സഭാ കൂട്ടായ്മകൾ മുന്നിട്ട് നിൽക്കേണ്ടവരാണ്. പരസ്പര സഹകരണത്തിലും സഹവർത്തിത്വത്തിലും മനുഷ്യ മഹത്വം ബഹുമാനിക്കപ്പെടണം. എല്ലാ വിശ്വാസികളുടെയും വ്യക്തിത്വം ബഹുമാനിക്കുന്നതിനും അവരെ കരുതുന്നതിനും സഭയ്ക്ക് ഉത്തരവാദിത്വമുണ്ട്.

മാന്യമായ ജീവിതം പുലർത്തുന്നതിന് എല്ലാവർക്കും, വിശിഷ്യാ വിശ്വാസികൾക്ക് അനുയോജ്യമായ സാഹചര്യം സഭയിൽ ഉണ്ടാവണം. ഈ ഒരു അന്തരീക്ഷം സഭയിൽ നിലനിർത്തുന്നതിന് പരി. ഫ്രാൻസിസ് മാർപാപ്പാ "നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു" (*Vos estis lux mundi*) എന്ന ഡിക്രി വഴി 2019–ൽ എല്ലാ ഭദ്രാസന

ങ്ങളിലും ഒരു 'Safe Environment Committee' ഒരു വർഷത്തിനകം രൂപീകരിക്കണമെന്ന് എല്ലാ ഭദ്രാസനാദ്ധ്യക്ഷൻമാരോടും നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ബിഷപ്സ് കോൺഫറൻസുകൾ നിയമാവലികൾ ക്രോഡീകരിച്ചു. ഇതിന്റെ വെളിച്ചത്തിൽ, 2020 മാർച്ച് 2 മുതൽ 5 വരെ തിരുവനന്തപുരത്ത് കാതോലിക്കേറ്റ് സെന്ററിൽ നടന്ന 23-ാമത് പരി. എപ്പിസ്കോപ്പൽ സുനഹദോസ്, മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ഭദ്രാസനങ്ങളിലെ 'Safe Environment Committee'യുടെ നിയമങ്ങളുടെയും പ്രവർത്തനരീതിയുടെയും ഒരു കരട് രൂപീകരിച്ചു. എല്ലാ ഭദ്രാസനാദ്ധ്യക്ഷന്മാർക്കും ഇതിന്റെ കോപ്പി പഠനത്തിനായി നൽകി. 2020 ജൂൺ 22ന് കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിലെ നിയന്ത്രണങ്ങൾക്ക് വിധേയമായി നടന്ന പ്രത്യേക സമ്മേളനത്തിൽ ഒരു നിയമാവലി എല്ലാ ഭദ്രാസനങ്ങൾക്കുമായി വിളംബരം ചെയ്യുന്നതിന് പരി. സുനഹദോസ് തീരുമാനിക്കുകയുണ്ടായി. 2020 ജൂൺ 29ന്-വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാൾ ദിവസം 'Norms and Procedures of Safe Environment Committee (NAPSEC-Malankara)' മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ഭദ്രാസനങ്ങൾക്കെല്ലാമായി ഞാൻ പുറപ്പെടുവിച്ചത് ഏവരെയും അറിയിക്കുന്നു. ഇതനുസരിച്ച് എല്ലാ ഭദ്രാസനങ്ങളിലും ഒരു Safe Environment Committee 2020 ജൂലൈ 15ന് നിലവിൽ വന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുനഹദോസിന്റെ തീരുമാനപ്രകാരം പുറപ്പെടുവിച്ച NAPSEC-Malankara അനുസരിച്ച് ഈ കമ്മിറ്റിയുടെ പ്രധാനചുമതല ഒരു വനിതയായിരിക്കും നിർവ്വഹിക്കുക. 5 മുതൽ 7 വരെ അംഗങ്ങളാണ് ഈ കമ്മിറ്റിയിലുള്ളത്.

NAPSEC-Malankaraയുടെ വെളിച്ചത്തിൽ നമ്മുടെ മേജർ അതിഭദ്രാസനത്തിനും 2020 ജൂലൈ 15ന് Safe Environment Committee (NAPSEC-Trivandrum) ഒരു സ്ഥിര സംവിധാനം എന്ന നിലയിൽ സ്ഥാപിച്ച വിവരം അറിയിക്കുന്നു. നമ്മുടെ മേജർ അതിഭദ്രാസനത്തിലെ ഇടവകകളിലും സ്ഥാപനങ്ങളിലും ശുശ്രൂഷ ചെയ്യുന്നവരാണ് ഇതിന്റെ പരിധിക്കുള്ളിൽ വരുന്നത്. പരസ്പര സ്നേഹവും ബഹുമാനവും നിലനിൽക്കുന്ന സാഹചര്യം നമ്മുടെ

മേജർ അതിഭദ്രാസനം മുഴുവൻ നിലനിർത്തുന്നതിനുള്ള ശ്രദ്ധ യാണ് ഈ കമ്മിറ്റി നിർവ്വഹിക്കുക. പ്രത്യേകിച്ച് പ്രായപൂർത്തി ആകാത്തവരുടെയും ശാരീരിക-മാനസിക വൈകല്യമുള്ളവരുടേയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് ഇത് ലക്ഷ്യം വയ്ക്കുന്നു. പ്രായപൂർത്തിയാകാത്തവരുടെയും ശാരീരിക-മാനസിക ദുർബലാ വസ്ഥയിലുള്ളവരുടെയും സ്ത്രീകളുടെയും വ്യക്തിപരമായ സുര ക്ഷിതത്വവും ആത്മാഭിമാനവും സംരക്ഷിക്കപ്പെടണം. ലൈംഗിക പീഢനത്തിൽ നിന്നും രക്ഷിക്കുന്നതിനും, പീഢനമുണ്ടായാൽ അന്വേഷിച്ച് തുടർനടപടി നിർദ്ദേശിക്കുന്നതിനും ഈ കമ്മിറ്റിയ്ക്ക് അധികാരം ഉണ്ടായിരിക്കും. വൈദികർ/സന്യസ്തർ/ സഭാസ്ഥാപ നങ്ങളിൽ വിവിധ തരത്തിൽ ശുശ്രൂഷ ചെയ്യുന്നവർ എന്നിവരെല്ലാം ഈ Safe Environment Committee യുടെ നിബന്ധനകൾ പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. നിർഭാഗ്യവശാൽ ഏതെങ്കിലും തരത്തിലുള്ള പീഢനമോ ചൂഷണമോ നമ്മുടെ ഭദ്രാസനത്തിൽ ഉണ്ടായാൽ ആർക്കും ഈ കമ്മിറ്റിയ്ക്ക് റിപ്പോർട്ട് നൽകാവുന്നതാണ്. നിയമാ വലിയുടെ വെളിച്ചത്തിൽ ഈ കമ്മിറ്റി എത്രയും വേഗം ഇതിന്റെ സത്യാവസ്ഥ പരിശോധിച്ച് മേജർ അതിഭദ്രാസനാദ്ധ്യക്ഷന് റിപ്പോർട്ട് നൽകുന്നതാണ്. അതിന്റെ വെളിച്ചത്തിൽ മേജർ അതിഭ ദ്രാസനാദ്ധ്യക്ഷൻ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

നമ്മുടെ മേജർ അതിഭദ്രാസനത്തിലെ Safe Environment Committee-യിൽ ഏഴ് അംഗങ്ങളാണുള്ളത്. താഴെപ്പറയുന്നവരാണ് കമ്മിറ്റിയിലെ അംഗങ്ങൾ:

1. അഡ്വ. വത്സാ ജോൺ (Director)
2. പ്രൊഫ. ഡോ. ഏലിയാമ്മ ഫിലിപ്പ് (Member)
3. സിസ്റ്റർ ഡോ. ആർദ്ര എസ്.ഐ.സി. (Member)
4. അഡ്വ. ജോജോ കെ. എബ്രഹാം (Member)
5. പ്രൊഫ. ഡോ. കെ. വി. തോമസ്കുട്ടി (Member)
6. വെരി. റവ. ഫാ. ഗീവർഗ്ഗീസ് നെടിയത്ത് (Member)
7. വെരി. റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ (Co-ordinator & Office Administrator)

ഇദംപ്രഥമമായി മേജർ അതിഭദ്രാസനത്തിൽ രൂപീകൃതമാകുന്ന സ്ഥിരസംവിധാനത്തിലെ ആദ്യ അംഗങ്ങൾക്ക് എല്ലാ ഭാവുകങ്ങളും ഞാൻ ആത്മാർത്ഥമായി നേരുന്നു. നീതിയുടെയും സ്നേഹത്തിന്റെയും കരുതലിന്റെയും സത്യത്തിന്റെയും ഉപകരണമായി വർത്തിക്കുവാൻ ഈ കമ്മിറ്റിക്ക് ഗൗരവതരമായ ഉത്തരവാദിത്വം ഉണ്ട്. പൗരസ്ത്യ കാനൻ നിയമസംഹിതയും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക കാനോനകളും മേജർ അതിഭദ്രാസനത്തിന്റെ ഭരണനിബന്ധനകളും NAPSEC-Malankara & NAPSEC-Trivandrum എന്നിവയും അനുസരിച്ചുള്ള അവകാശങ്ങളും കടമകളും ഈ കമ്മിറ്റിയ്ക്കുണ്ട്. പരസ്പര ബഹുമാനത്തിന്റെയും സ്നേഹത്തിന്റെയും അന്തരീക്ഷം നമ്മുടെ മേജർ അതിഭദ്രാസനത്തിലെ എല്ലാ സ്ഥാപനങ്ങളിലും നിലനിർത്തുന്നതിനുള്ള നേതൃത്വം ഈ കമ്മിറ്റി നിർവ്വഹിക്കുന്നതാണ്. മേജർ അതിഭദ്രാസനാദ്ധ്യക്ഷന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന ഈ കമ്മിറ്റി നിശ്ചിത സമയങ്ങളിൽ മേജർ അതിഭദ്രാസനദ്ധ്യക്ഷന് റിപ്പോർട്ട് നൽകുന്നതായിരിക്കും.

പരിശുദ്ധ ദൈവമാതാവിന്റെയും നമ്മുടെ കാവൽ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും നമ്മുടെ മേജർ അതിഭദ്രാസനത്തിന്റെ പ്രത്യേക മദ്ധ്യസ്ഥനായ വി. പത്രോസ് ശ്ലീഹായുടെയും സകല വിശുദ്ധരുടെയും പ്രാർത്ഥന നമ്മുടെ മേജർ അതിഭദ്രാസനത്തിന്റെ എല്ലാ ശുശ്രൂഷകളെയും ഫലദായകമാക്കട്ടെ! എല്ലാവരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.



**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**
മലങ്കരസുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്&
തിരുവനന്തപുരം മേജർ ആർച്ച് ബിഷപ്പ്.

20.07.2020
തിരുസന്നിധി
പട്ടം, തിരുവനന്തപുരം.

---

N.B: *ഈ സർക്കുലറിന്റെ ഉള്ളടക്കം നമ്മുടെ മേജർ അതിഭദ്രാസനത്തിലെ ദൈവാലയങ്ങളിലും ആരാധനാകേന്ദ്രങ്ങളിലും അറിയിക്കേണ്ടതാണ്.*

---

## Statutes of Major Archdiocese of Trivandrum (SMAT)

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പുതിയ ഭരണ നിബന്ധന Statutes of Major Archdiocese of Trivandrum (SMAT) മേജർ അതിഭദ്രാസനാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി 2020 ജൂലൈ 15, ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ 67-ാം ഓർമ്മപ്പെരുന്നാളിൽ വിശുദ്ധ കുർബാനയ്ക്ക് ശേഷം സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് വിളംബരം ചെയ്തു. പൗരസ്ത്യ കാനൻ നിയമ സംഹിതയുടെയും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക നിയമങ്ങളുടെ വെളിച്ചത്തിലും മേജർ അതിഭദ്രാസനത്തിന്റെ ഭരണ നിബന്ധന പരിഷ്കരിക്കുന്നതിനുള്ള ശ്രമം 2012-ലാണ് തുടങ്ങിയത്. ക്രോഡീകരണ കമ്മിറ്റി അംഗങ്ങൾ തയ്യാറാക്കിയ കരട് വിവിധ തലത്തിലുള്ള പഠനങ്ങൾക്കുശേഷം പരിശോധനയ്ക്കും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായും മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികർക്കും അജപാലനസമിതി അംഗങ്ങൾക്കും നല്കി. ഇങ്ങനെ ലഭിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് വിദഗ്ദ്ധ സമിതി പുതിയ ഡ്രാഫ്റ്റ് തയ്യാറാക്കി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ പരിഗണനയ്ക്കായി നല്കി. ഓരോ നിയമങ്ങളും സസൂക്ഷ്മം പഠിച്ച് വേണ്ട തിരുത്തലുകൾ അത്യഭിവന്ദ്യ ബാവാതിരുമേനി നല്കി. അങ്ങനെ 14 ഡ്രാഫ്റ്റുകൾ വിവിധ സമയങ്ങളിലായി തയ്യാറാക്കി. ഈ പ്രക്രിയകൾക്കെല്ലാം കൂടി താരതമ്യേന ദീർഘമായ സമയം എടുത്തുവെങ്കിലും, സമഗ്രമായ ഒരു ഭരണനിബന്ധന പുറത്തിറക്കാൻ സാധിക്കുന്നുവെന്നത് മേജർ അതിഭദ്രാസനത്തിന് അഭിമാനമാണ്. ക്രോഡീകരണ പ്രക്രിയയിൽ ത്യാഗമനുഷ്ഠിച്ച എല്ലാവരെയും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. പ്രത്യേകിച്ച് വിലയേറിയ നിർദ്ദേശങ്ങൾക്കും ലഭ്യതയ്ക്കും മേജർ അതിഭദ്രാസനം അത്യഭിവന്ദ്യ ബാവാതിരുമേനിയോട് കടപ്പെട്ടിരിക്കുന്നു.

ഈ ഭരണനിബന്ധനയിൽ 12 അധ്യായങ്ങളും 283 നിയമങ്ങളും 2 അനുബന്ധവുമാണ് ഉള്ളത്. (1.) പൊതു നിയമങ്ങൾ, (2.) സഭയുടെ നൈയാമിക വ്യക്തിത്വം, (3.) മേജർ അതിഭദ്രാസന കൂരിയാ (കച്ചേരി),

(4.) വൈദിക ജില്ലയും ജില്ലാവികാരിയും, (5.) ജില്ലാ അജപാലന സമിതി, (6.) ഇടവകകൾ, ഇടവക വൈദികർ, (7.) ആരാധനാജീവിതം, (8.) മിഷൻപള്ളികളും പ്രവിശ്യകളും, (9.) ഇടവകയുടെ ഭൗതിക സ്വത്തുക്കൾ, (10.) വാർഷിക പൊതുപിരിവുകൾ, സംഭാവനകൾ, (11.) സെമിത്തേരികളും മൃതസംസ്കാരവും, (12.) ശ്രദ്ധിക്കേണ്ട സിവിൽ നിയമങ്ങൾ, അനുബന്ധം I : ഇടവക കമ്മിറ്റി അംഗങ്ങളുടെ സത്യ പ്രതിജ്ഞ, അനുബന്ധം II : ഇടവകയിൽ പുതിയ വികാരി ചുമത ലയേൽക്കുമ്പോഴുള്ള നടപടി ക്രമം.

2020 ജൂലൈ 15-ന് ഈ ഭരണനിബന്ധന (SMAT) വിളംബരം ചെയ്തതോടെ ഇതിന് വിരുദ്ധമായോ ഹാനികരമായോ നിലവി ലുള്ള എല്ലാ നിയമങ്ങളും അനുഷ്ഠാനങ്ങളും പതിവുകളും റദ്ദാ ക്കുകയും അവയ്ക്കുണ്ടായിരുന്ന നിയമ പ്രാബല്യം ഇല്ലാതാക്കു കയും ചെയ്തിരിക്കുന്നു. മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികരുടെയും സന്യസ്തരുടെയും വിശ്വാസികളുടെയും പഠന ത്തിനും അറിവിനുമായി ഇപ്പോൾ SMAT ലഭ്യമാണ്. നൈയാമിക മായി, *'Vacatio legis'* ന്റെ 30 ദിവസങ്ങൾക്ക് ശേഷം 2020 ഓഗസ്റ്റ് 15 പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ പെരുനാളിൽ SMAT പ്രാബല്യത്തിൽ വരുന്നതാണ്.

മേജർ അതിഭദ്രാസനത്തിലെ ഇടവകകൾക്കും എല്ലാ കമ്മിറ്റി അംഗങ്ങൾക്കും ആവശ്യമായ കോപ്പികൾ മേജർ അതിഭദ്രാസന ചാൻസിലരുടെ ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്.

## NAPSEC-Trivandrum
### (Safe Environment Committee)

NAPSEC-Malankaraയുടെ വെളിച്ചത്തിൽ നമ്മുടെ മേജർ അതിഭദ്രാസനത്തിൽ 2020 ജൂലൈ 15ന് Safe Environment Committee (NAPSEC-Trivandrum) ഒരു സ്ഥിര സംവിധാനം എന്ന നിലയിൽ സ്ഥാപിച്ചു. നമ്മുടെ മേജർ അതിഭദ്രാസനത്തിലെ ഇടവ കകളിലും സ്ഥാപനങ്ങളിലും ശുശ്രൂഷ ചെയ്യുന്നവരാണ് ഇതിന്റെ പരിധിക്കുള്ളിൽ വരുന്നത്. പരസ്പര സ്നേഹവും ബഹുമാനവും നിലനിൽക്കുന്ന സാഹചര്യം നമ്മുടെ മേജർ അതിഭദ്രാസനം മുഴു വൻ നിലനിർത്തുന്നതിനുള്ള ശ്രദ്ധയാണ് ഈ കമ്മിറ്റി നിർവ്വഹിക്കുക.

പ്രത്യേകിച്ച് പ്രായപൂർത്തി ആകാത്തവരുടെയും ശാരീരിക-മാനസിക വൈകല്യമുള്ളവരുടേയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിന്.

താഴെപ്പറയുന്നവരെ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഈ കമ്മിറ്റിയിലെ അംഗങ്ങളായി നിയമിച്ചു.

1. അഡ്വ. വത്സാ ജോൺ (Director)
2. പ്രൊഫ. ഡോ. ഏലിയാമ്മ ഫിലിപ്പ് (Member)
3. സിസ്റ്റർ ഡോ. ആർദ്ര എസ്.ഐ.സി. (Member)
4. അഡ്വ. ജോജോ കെ. എബ്രഹാം (Member)
5. പ്രൊഫ. ഡോ. കെ. വി. തോമസ്കുട്ടി (Member)
6. വെരി. റവ. ഫാ. ഗീവർഗ്ഗീസ് നെടിയത്ത് (Member)
7. വെരി. റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ (Co-ordinator & Office Administrator)

ആർക്കും ഈ കമ്മിറ്റിയ്ക്ക് റിപ്പോർട്ട് നൽകാവുന്നതാണ്. മേജർ അതിഭദ്രാസനാദ്ധ്യക്ഷന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന ഈ കമ്മിറ്റി, നിയമാവലി -Norms and Procedures of Safe Environment Committee (NAPSEC-Trivandrum)- അനുസരിച്ച് നിശ്ചിത സമയങ്ങളിൽ മേജർ അതിഭദ്രാസനദ്ധ്യക്ഷന് റിപ്പോർട്ട് നൽകും. അതിന്റെ വെളിച്ചത്തിൽ മേജർ അതിഭദ്രാസനാദ്ധ്യക്ഷൻ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

## വന്ദ്യ തോമസ് കുമ്പക്കാട്ട് കോർഎപ്പിസ്ക്കോപ്പായും ബഹു. പി. ടി. ജോർജ്ജ് അച്ചനും 'സായൂജ്യ'ത്തിലേക്ക്

ദീർഘനാളത്തെ സജീവ ശുശ്രൂഷയിൽ നിന്നും വിരമിച്ച സീനിയർ വൈദികരായ വന്ദ്യ തോമസ് കുമ്പക്കാട്ട് കോർഎപ്പിസ്ക്കോപ്പായും, ബഹു. പി. ടി. ജോർജ്ജ് അച്ചനും മേജർ അതിഭദ്രാസനത്തിലെ വിരമിച്ച വൈദികരുടെ ഭവനമായ 'സായൂജ്യ'ത്തിൽ വിശ്രമജീവിതം നയിക്കുന്ന മറ്റു ബഹു. വൈദികരോടൊപ്പം 2020 ജൂലൈ മുതൽ താമസം ആരംഭിച്ചു. ഈ വൈദികരുടെ ദീർഘവും നിസ്തുലവുമായ ശുശ്രൂഷയെ നന്ദിയോടെ സ്മരിക്കുന്നു. ബഹു. വൈദികർക്ക് നല്ല വിശ്രമ ജീവിതം നേരുന്നു.

# NEW APPOINTMENT OF PRIESTS

| Name | Parish |
|---|---|
| Rev. Fr. Samuel Thonduparambil (Asst.) | Kadiyoorkonam<br>Panavoor<br>Valliyaruppancade<br>[Pirappancode (R)] |
| Rev. Fr. John Palavilakizhakkethil (Asst.) | Cathedral |
| Rev. Fr. John Aluvila (Asst.) | Kadinamkulam<br>Sasthavattom |
| Rev. Fr. Joseph Erithivilayil | Ottakomb<br>Malamukal |
| Rev. Fr. Godjoy Godwin Cottage | Karavoor (R)<br>Chempanaruvi<br>Cherukadavu |
| Rev. Fr. Thomas Kizhakkumkara | Vettithitta (R)<br>Elikattoor |
| Rev. Fr. Samuel Kunnumpurath | Pathanapuram (R)<br>Edathara |
| Rev. Fr. Yohannan Mulamoottil | Kottarakara (R)<br>Kura-Mylam |
| Rev. Fr. Thomas Kuruvilla OIC | Panavely |
| Rev. Fr. John Kuttiyil | Punnala (R) |
| Rev. Fr. Albert Vadakkemuriyil | Elamannoor (R) |
| Rev. Fr. Johnson Charivukalayil | Maruthimood |
| Rev. Fr. Alexander Valiyaveettil | Vattakarickam<br>Bharathannoor<br>Pezhummood |

| | |
|---|---|
| Rev. Fr. Joseph Malayattil | Plakeezhu (Additional) |
| Rev. Fr. George Kaimalayil | Jawahar Colony<br>Muthuvila |
| Rev. Fr. George Bhattasseril | Elamad (R)<br>Cheruvackal<br>Valiyodu |
| Rev. Fr. Joshua Kochuvilayil | Kozhiyode<br>Irumpa |
| Very Rev. Fr. Thomas Kayyalackal | Karakulam |
| Rev. Fr. Jacob Edayilazhilath | Meenackal<br>Valiyamala |
| Rev. Fr. Arun Aerathu | Aruvikara (Additional) |
| Rev. Fr. Samuel Thoppil | Odanavattam (R)<br>Paruthiyara |
| Rev. Dr. Johnson Kakkanatt | Vappala<br>[Odanavattam (R)] |
| Rev. Fr. James Charuvila | Manalayam<br>Sasthamangalam<br>[Saanthwanam (R)] |
| Rev. Fr. George Mathew Karoor | Muttathara |
| Rev. Fr. Joseph Pulimoottil | Koraliyode<br>Anapetty<br>Pachamala |
| Very Rev. Fr. Thomas Marottimoottil | Punalur (R)<br>Vilakuvattom |
| Rev. Fr. Mathew Reji OIC | Peroorkada |
| Rev. Fr. Joseph Puthenkalam | Barton Hill |
| Rev. Fr. Jose Charuvil | Thamalam (R) |

| | |
|---|---|
| Rev. Fr. Daniel Poovannathil | Chiramukku |
| Very Rev. Dr. John Kuttiyil | Palayam Basilica (R) |
| Rev. Dr. Sam James Vengatoor | Enath (R)<br>Manchadimukku |
| Rev. Fr. John Areekal | Kalladichavila<br>[Kuravankonam (R)] |
| Rev. Fr. Louis Charuvila Puthenveedu | Kuravankonam (Additional) |
| Rev. Fr. Edison Pallivadakkethil | Chepra (R)<br>Vilangara |
| Rev. Fr. John Kallumpurath | Njarakkad (R)<br>Nadutheri |
| Rev. Fr. Mathew Marottimoottil | Valakom (R)<br>Ummannoor |
| Rev. Fr. Paul Vilayil Puthenveedu | Ozhukuparackal<br>Kampamkode<br>[Anchal (R)] |
| Rev. Fr. Philip Dayanand | Pandithitta (R) |
| Rev. Fr. Rijo Thomas OIC | Karickom<br>Thrikannamangalam |
| Rt. Rev. James Paravila Corepiscopo | Anakulam |
| Rev. Fr. Thomas Kochukarikathil | Panthaplavu<br>Pidavoor<br>[Kizhakketheruvu (R)] |
| Rev. Fr. Geevarghese Valiyachangaveettil | Maria Nagar<br>Arasuparambu<br>[Kuravankonam (R)] |

## Special Appointments:

| | | |
|---|---|---|
| l. | Rt. Rev. James Paravila Corepiscopo | Chaplain,<br>St. Joseph's Hospital,<br>Anchal. |
| 2. | Rev. Fr. Joseph Puthenkalam | House Minister<br>Major Archbishop's<br>House |
| 3. | Rev. Fr. George Mathew Karoor | Office Secretary<br>to His Beatitude |
| 4. | Rev. Fr. Daniel Kalluvila | Manager<br>Bethany Estate<br>Mukkampala |
| 5. | Rev. Fr. Thomas Mukalumpurath | Chaplain<br>MTT Hostel<br>Nalanchira |
| 6. | Very Rev. Fr. Thomas Marottimoottil | Proto-Prebyter<br>Punalur |
| 7. | Rev. Fr. Valiyachangeveettil<br>Geevarghese | Chaplain<br>Bethany Convent<br>Kuravankonam |
| 8. | Rev. Fr. Varghese Kizhakkekara | Principal<br>Holy Angels' School<br>Adoor. |
| 9. | Rev. Fr. Joseph Pulimoottil | Asst. Director<br>St. Mary's Press;<br>Chaplain, Bethania<br>Kumarapuram |
| 10. | Rev. Fr. Paul Vilayilputhenveedu | Asst. Chaplain<br>DM Convent<br>Anchal |
| 11. | Rev. Fr. James Charuvila | Chaplain<br>*Saanthwanam* |
| 12. | Rev. Dr. George Thomas Kochuvilayil | Co-ordinator<br>NAPSEC-Trivandrum |
| 13. | Adv. Valsa John | Director<br>NAPSEC-Trivandrum |

## തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുന്ന ബഥനി വൈദികരുടെ സ്ഥലമാറ്റം

ബഥനിയിലെ താഴെപ്പറയുന്ന ബഹു. വൈദികരെ പുതിയ ദൈവാലയങ്ങളിലേയ്ക്ക് സ്ഥലം മാറ്റി അത്യഭിവന്ദ്യ കാതോലിക്കാ ബാവാ നിയമിച്ചിരിക്കുന്നു.

| | | |
|---|---|---|
| 1. | Rev. Fr. Thomas Kuruvila OIC | Panaveli |
| 2. | Rev. Fr. Rijo Thomas OIC | Karikkam Thrikannamangal |
| 3. | Rev. Fr. Reji Mathew OIC | Peroorkada |

---

## CHANGE OF ADDRESS

Rt. Rev. Thomas Kumbukatt Corepiscopo
*Saayujyam*
St. John's Malanakara Medical Village
Pirappancode-695 607.

Paravila Rt. Rev. James Corepiscopo
St. Joseph's Hospital
Anchal P.O. Kollam - 691 306.

Bhattasseril Rev. Fr. George
St. Thomas Malankara Catholic Church,
Elamadu P.O., Kollam - 691 539.

Charuvila Rev. Fr. James
Saanthwanam
Chalakkuzhy E-lane
Pattom P.O., Trivandrum - 695 004.

Charuvil Rev. Fr. Jose
Sacred Heart Malankara Catholic Church
Thamalam, Poojappura,
Trivandrum Dt - 695 012.

Edayilazhikathu Rev. Fr. Jacob Mathew
Vimala English Vidyalaya, Kalathara,
Mancha P. O., Nedumangadu
Trivandrum - 695 541.

Godwin Cottage Rev. Fr. Godjoy
St. Mary's Malankara Catholic Church
Karavoor P.O., Piravanthoor
Kollam - 689 696.

Kaimalayil Rev. Fr. George
St. Thomas Hostel, Mar Ivanios Vidya Nagar
Nalanchira, Trivandrum - 695 015.

Kakkanatt Rev. Dr. Johnson
Malankara Syrian Catholic Church
Odanavattom P.O., Kottarakara
Kollam - 691 512.

Kallumpurath Rev. Fr. John
St. Mary's Malankara Catholic Church
Njarakkad, Kunnikode P.O., Kottarakara
Kollam - 691 514

Kalluvila Rev. Fr. Daniel
Bethany Estate, Mukkampala, Manalikkara
K.K Dt. - 629 164, Tamilnadu, India

Kizhakkumkara Rev. Fr. Thomas
MalankaraSyrian Catholic Church,
Vettithitta P.O., Piravanthoor,
Kollam - 691 696.

Kochukarikathil Rev. Fr. Thomas
Holy Trinity Malankara Catholic Church
Kizhakketheruvu P. O., Kottarakara
Kollam - 691 542.

Kunnumpurath Rev. Fr. Samuel
St. Francis Xavier Malankara Catholic Church
Pathanapuram P.O., Kollam - 689 695.

Kuttiyil Rev. Fr. John
St. George Malankara Syrian Catholic Church
Punnala P.O., Punalur-691 305.

Marottimoottil Rev. Fr. Mathew
St. Mary's Malankara Catholic Church
Perumannoor P.O. Valakom
Kollam- 691 545.

Marottimoottil Very Rev. Fr. Thomas
St. Joseph's Malankara Catholic Church
Punalur P.O., Kollam- 691 305.

Pallivadakkethil Rev. Fr. Edison
St. Mary's Malankara Catholic Church
Chepra P.O., Pallimukku, Kottarakkara
Kollam Dt. - 691 520.

Rev. Fr. Philip Dayanand
St. Mary's Malankara Catholic Church
Ambalanirappu P.O., Pandithitta
Thalavoor, Kottarakara, Kollam - 691 508.

Rev. Fr. P. T. George
*Saayujyam*
St. John's Malanakara Medical Village
Pirappancode-695 607.

Pulimmoottil Rev. Fr. Joseph
*Srothas*, St. Mary's Campus
Pattom P.O., Trivandrum- 695 004.

Puthenkalam Rev. Fr. Joseph
Major Archbishop's House, Pattom
Trivandrum-695 004.

Vilayil Puthenveedu Rev. Fr. Paul
St. Mary's Malankara Catholic Church,
Anchal P.O., Kollam - 691 306.

Valiyachangaveettil Rev. Fr. Geevarghese
St. Joseph's Malankara Catholic Church
Kuravankonam, Kowdiar P.O.
Trivandrum - 695 003.

Mulamoottil Rev. Fr. Yohannan
St. Mary's Malankara Catholic Church,
Kottarakkara Town, Kollam- 691 531.

Thonduparambil Rev. Fr. Samuel
St. John's Malankara Medical Village
Pirappencode, Trivandrum - 695 607.

Palavilakizhakkethil Rev. Fr. John
St. Mary's Cathedral, Pattom
Trivandrum-695 004.

Thoppil Rev. Fr. Samuel
Malankara Syrian Catholic Church
Odanavattom P.O., Kottarakara
Kollam - 691 512.

Vadakkemuriyil Rev. Fr. Albert
St. Joseph's Malankara Catholic Church
Maroor P.O., Elamannoor
Pathanamthitta Dt- 691 524.



**Phone:**

# അറിയിപ്പ്

## T.T.C. 2020-2022

## (Diploma in Education - D. Ed.)

Higher Secondary Course/തത്തുല്യമായ Course, മിനിമം 50% മാർക്കോടെ പാസായവരും 2020–'22 കാലയളവിൽ D. Ed. Course (TTC) പട്ടം സെന്റ് മേരീസ് റ്റി.റ്റി.ഐ.യിൽ പഠിക്കുവാൻ ആഗ്രഹമുള്ള വിദ്യാർത്ഥികൾ കറസ്പോണ്ടന്റ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ പ്പെട്ടവർ അപേക്ഷയോടൊപ്പം വികാരി അച്ചന്റെ കത്തും സമർപ്പി ക്കേണ്ടതാണ്.

എന്ന്,

കറസ്പോണ്ടന്റ്
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് ക്യാമ്പസ്, പട്ടം, തിരുവനന്തപുരം, 695004
ഫോൺ : 0471–2446443

## വിശ്വാസപരിശീലന കാര്യാലയം

# വിശ്വാസ പരിശീലന ക്ലാസ്സുകളിലേയ്ക്കുള്ള പ്രൊമോഷൻ

തിരുവനന്തപുരം മേജർ അതിഭദ്രാസനാദ്ധ്യക്ഷൻ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കാർഡിനൽ ക്ലീമീസ് കാതോലിക്കാ ബാവാ തിരുമേനിയുടെ അനുവാദപ്രകാരം കഴിഞ്ഞ സണ്ടേസ്കൂൾ കലാലയവർഷം (2019–2020) പൂർത്തീകരിച്ച L.K.G, UKG, I, II, III, IV, V, VI, VII, VIII, IX, XI ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും മുതിർന്ന (Higher) ക്ലാസ്സുകളിലേയ്ക്ക് പ്രൊമോഷൻ നൽകുന്നു. STD X, XII ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കേറ്റ് പരീക്ഷയുടെ തീയതി പിന്നീട് അറിയിക്കുന്നതാണ്. ഇതിലേക്ക് ഇടവക തലത്തിലോ, ജില്ലാതലങ്ങളിലോ പ്രത്യേക പരീക്ഷ ആവശ്യമില്ല.

പുതിയ വർഷത്തേയ്ക്കുള്ള Home Based ക്ലാസ്സുകൾ ഇപ്പോൾ നിലവിലുള്ള സാഹചര്യം പരിഗണിച്ച് ജൂലൈ 12-ാം തീയതി ആരംഭിക്കാവുന്നതാണ്. ഇടവക തലത്തിൽ അതിനുള്ള ക്രമീകരണം ചെയ്യാവുന്നതാണ്.

ഇപ്പോൾ 10-ാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുന്ന എല്ലാ കുട്ടികൾക്കും 11-ാം ക്ലാസ്സ് പഠനം തുടരാവുന്നതാണ്. എന്നാൽ 11-ാം ക്ലാസ്സിലേയ്ക്കുള്ള പ്രൊമോഷൻ 10-ാം ക്ലാസ്സിലെ സർട്ടിഫിക്കേറ്റ് പരീക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും.

## പാഠപുസ്തകങ്ങളുടെ വിലനിലവാരം

**മലയാളം**

| | | |
|---|---|---|
| എൽ.കെ.ജി മുതൽ 9 വരെ | - | 50/- |
| 10 മുതൽ 12 വരെ | - | 60/- |

**ഇംഗ്ലീഷ്**

| | | |
|---|---|---|
| 1 മുതൽ 9 വരെ | - | 90/- |
| 10 മുതൽ 12 വരെ | - | 100/- |
| അധ്യാപക ഹാന്റ് ബുക്ക് | - | 20/- |
| കുട്ടികളുടെ ഹാന്റ് ബുക്ക് | - | 20/- |
| ഹാജർ ബുക്ക് | - | 30/- |
| അഡ്മിഷൻ രജിസ്റ്റർ | - | 80/- |
| പ്രൊമോഷൻ രജിസ്റ്റർ | - | 150/- |
| അദ്ധ്യാപക സഹായി | - | 50/ |

# ഇടയനാളാഗമം

## ജൂൺ 2020

## (പ്രധാന പരിപാടികൾ)

**ജൂൺ 3**

രാവിലെ 11.00-ന് ദീപികയുടെ പുതിയ ചീഫ് എഡിറ്റർ റവ. ഡോ. ജോർജ്ജ് കുടിലിൽ, രാഷ്ട്രദീപിക ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, രാഷ്ട്ര ദീപിക ലിമിറ്റഡ് ചെയർമാൻ ഡോ. ഫ്രാൻസിസ് ക്ലീറ്റസ് എന്നിവരെ പട്ടം തിരുസന്നിധിയിൽ സ്വാഗതം ചെയ്തു.

**ജൂൺ 4**

രാവിലെ 10.00-ന് ക്രൈസ്തവ സഭാമേലദ്ധ്യക്ഷന്മാരുമായി ആദരണീയനായ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നടത്തിയ വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.

**ജൂൺ 5**

ഉച്ചകഴിഞ്ഞ് 3.30-ന് മനോരമ ന്യൂസ് ചാനലിന് അഭിമുഖം നൽകി. വൈകുന്നേരം 6.00 ന് സി.ബി.സി.ഐ. അധ്യക്ഷൻ കർദ്ദിനാൾ ഓസ്‌വാൾഡ് ഗ്രേഷ്യസുമായി വീഡിയോ കോൺഫറൻസ് നടത്തി.

**ജൂൺ 6**

രാവിലെ 11.00-ന് കോവിഡ്-10 വ്യാപന പശ്ചാത്തലത്തിൽ ആരാധനാലയങ്ങൾ വീണ്ടും തുറക്കുന്നതുമായി ബന്ധപ്പെട്ട് പട്ടം തിരുസന്നിധിയിൽ നടന്ന പ്രസ്സ് മീറ്റിൽ സംബന്ധിച്ചു.

**ജൂൺ 11**

രാവിലെ 6.30-ന് അരമന ചാപ്പലിൽ 34-ാമത് പൗരോഹിത്യ വാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്ന് ബ്രദർ ബിജു ഡാനിയേൽ രചിച്ച "വഴിച്ചോറു തേടുന്നവർ" എന്ന പുസ്തകം പ്രകാശനം ചെയ്യുകയും ചെയ്തു.

**ജൂൺ 15**

രാവിലെ 6.30-ന് അരമന ചാപ്പലിൽ 61-ാം ജന്മ ദിനത്തോടനുബന്ധിച്ച് വി.കുർബാന അർപ്പിച്ചു.

**ജൂൺ 16**

ഉച്ചകഴിഞ്ഞ് 3.30-ന് പട്ടം സെന്റ് മേരീസ് മേൽപാലം ഉദ്ഘാടനത്തിൽ സംബന്ധിച്ച് ആശംസകൾ നേർന്നു.

**ജൂൺ 17**

ഉച്ചയ്ക്ക് 12.00-ന് കോവിഡ് അതിജീവനത്തിനായുള്ള സംസ്ഥാന സർക്കാരിന്റെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ആദരണീയനായ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനോടൊപ്പം പച്ചക്കറി കൃഷി രാജ്ഭവനിൽ ഉദ്ഘാടനം ചെയ്തു.

**ജൂൺ 18**

രാവിലെ 11.00-ന് മേരിമക്കൾ സന്യാസിനി സമൂഹത്തിലെ വെണ്ണിയൂർ നിർമ്മല പ്രോവിൻഷ്യൽ ഹൗസിൽ വി.കുർബാന അർപ്പിക്കുകയും പ്ലാറ്റിനം, ഗോൾഡൻ, സിൽവർ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

വൈകുന്നേരം 5.00-ന് നാലാഞ്ചിറ സെമിത്തേരിയിൽ പാളയം ബസലിക്കാംഗമായ ശ്രീ.എം.എം.ജോർജ്ജിന്റെ വത്സല മാതാവിന്റെ ശവസംസ്ക്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**ജൂൺ 20**

ഉച്ചയ്ക്ക് 12.00-ന് കുടപ്പനക്കുന്ന് നാമഹേതുക തിരുന്നാൾ ആഘോഷിക്കുന്ന മേരി മക്കൾ സന്യാസിനി സമൂഹത്തിന്റെ മദർ ജനറാൾ സി. ജയിൽസ് ഡി.എം.-നെ സന്ദർശിച്ച് ആശംസകൾ നേർന്നു.

**ജൂൺ 22**

വൈകുന്നേരം 3.30-ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരുമായി വീഡിയോ കോൺഫറൻസ് വഴി ചർച്ച നടത്തി.

**ജൂൺ 27**

രാവിലെ 8.00-ന് തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ ഭാഗ്യസ്മരണാർഹരായ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെയും, ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് പിതാവിന്റെയും ഓർമ്മയോടനുബന്ധിച്ച് വി.കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

വൈകുന്നേരം 4.00-ന് തിരുവല്ല മാർത്തോമ്മ സഭ ആസ്ഥാനത്ത് മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്തായുടെ നവതി ആഘോഷത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

**ജൂൺ 29**

ഉച്ചകഴിഞ്ഞ് 3.30-ന് പരശുവയ്ക്കലിൽ പാറശ്ശാല ഭദ്രാസനത്തിനായി പുതുതായി പണികഴിപ്പിക്കപ്പെട്ട സ്നേഹദീപം മൈനർ സെമിനാരി കൂദാശ ചെയ്തു.

**ജൂൺ 30**

രാവിലെ 7.00-ന് മേരിമക്കൾ സന്യാസിനി സമൂഹത്തിന്റെ ജനറലേറ്റിൽ വി.കുർബാന അർപ്പിക്കുകയും സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാനം സ്വീകരിക്കുകയും ചെയ്തു.

## ജൂലൈ 2020

**ജൂലൈ 1**

രാവിലെ 7.00ന് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 67-ാം ഓർമ്മപ്പെരുനാളിന് തുടക്കംകുറിച്ചുകൊണ്ട് പെരുന്നാട് സെന്റ്മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

വൈകുന്നേരം 6.15 ന് പട്ടം കബർ ചാപ്പലിൽ ധൂപപ്രാർത്ഥനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

**ജൂലൈ 14**

വൈകുന്നേരം 5.00 ന് പട്ടം കത്തീഡ്രലിൽ സന്ധ്യാപ്രാർത്ഥനയ്ക്കും തുടർന്ന് കബർ ചാപ്പലിൽ ധൂപപ്രാർത്ഥനയ്ക്കും മുഖ്യകാർമ്മികത്വം വഹിച്ചു. കോവിഡ്-19 പ്രോട്ടോകോൾ പാലിച്ചു

കൊണ്ട് സഭയെ പ്രതിനിധാനം ചെയ്ത് മെഴുകുതിരി പ്രദിക്ഷിണം നടത്തി. തുടർന്ന് സഭയ്ക്കും നാടിനുമായി ശ്ലൈഹിക ആശീർവാദം നൽകി.

**ജൂലൈ 15**

രാവിലെ 8.00ന് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 67-ാം ഓർമ്മപ്പെരുനാളിനോട് അനുബന്ധിച്ച് പട്ടം കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് മേജർ അതിഭദ്രാസനത്തിന്റെ പുതിയ ഭരണനിബന്ധനകൾ വിളംബരം ചെയ്തു. അതിനുശേഷം കബർ ചാപ്പലിൽ ധൂപപ്രാർത്ഥന നടത്തുകയും സമാപന ആശീർവാദം നല്കുകയും ചെയ്തു.

**ജൂലൈ 16**

രാവിലെ 7.00ന് പോങ്ങുമൂട് മേരിമക്കൾ സന്യാസിനി സമൂഹത്തിന്റെ സെന്റ് മേരീസ് പ്രൊവിൻഷ്യൽ മഠത്തിൽ വ്രതവാഗ്ദാന ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുയും, വി. കുർബാന അർപ്പിക്കുകയും ചെയ്തു.

**ജൂലൈ 17**

രാവിലെ 10.00ന്  നാലാഞ്ചിറ സർവോദയ വിദ്യാലയത്തിൽ ബോർഡ് പരീക്ഷകളിൽ വിജയികളായവരെ അനുമോദിച്ചു.

വൈകുന്നേരം 7.00 ന് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 67-ാം ഓർമ്മപ്പെരുനാളിനോട് അനുബന്ധിച്ച് ഷാർജയിലെ മലങ്കര സുറിയാനി കത്തോലിക്കാ സമൂഹം നടത്തിയ 12-ാമത് മാർ ഈവാനിയോസ് ദിനം ഉദ്ഘാടനം ചെയ്തു.

**ജൂലൈ 28**

രാവിലെ 11.00 ന് മാർ ഈവാനിയോസ് കോളേജിന്റെ Governing Councilന്റെ യോഗത്തിൽ വീഡിയോ കോൺഫറൻസിലൂടെ അദ്ധ്യക്ഷത വഹിച്ചു.

**ജൂലൈ 30**

വൈകുന്നേരം 9.00 ന് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 67-ാം ഓർമ്മപ്പെരുനാളിനോട് അനുബന്ധിച്ച് ഗൾഫ് റീജണിലെ മലങ്കര സുറിയാനി കത്തോലിക്കാ സമൂഹം നേതൃത്വം നല്കിയ Ivanian Meet 2020-ന്റെ സമാപനയോഗം ഉദ്ഘാടനം ചെയ്തു.

## ജന്മദിനാശംസകൾ

### ആഗസ്റ്റ് 2020

01 - റവ ഫാ. ഗീവർഗീസ് ചരുവിളയിൽ

02 - റവ. ഫാ. ജോസഫ് പുത്തൻകുളം

07 - റവ. ഫാ. ജോൺ കുരിയടത്തേരിൽ

10 - റവ. ഫാ. റോയി ജോർജ്ജ് വയലിറക്കത്ത്

10 - റവ. ഫാ. മാത്യു വലിയവീട്ടിൽ

14 - റവ. ഫാ. ജോൺ കണ്ണംകര

18 - റവ. ഫാ. ആദർശ് കുമ്പളത്ത്

20 - റവ. ഫാ. മാത്യു മരോട്ടിമൂട്ടിൽ

27 - റവ. ഫാ. കോശി പുന്നമൂട്ടിൽ

## പ്രാർത്ഥനയിൽ ഓർക്കാം

### ആഗസ്റ്റ് 2020

09 - റവ. ഫാ. അലക്സാണ്ടർ പാമ്പുരേത്ത്

11 - റവ. ഫാ. എബ്രഹാം താഴയിൽ

16 - റവ. ഫാ. ഗീവർഗീസ് പുത്തൻപുരയ്ക്കൽ

17 - റവ. ഫാ. യൗനാൻ ഞാപള്ളിയിൽ

23 - റൈറ്റ്. റവ. മോൺ. ജോസഫ് കുഴിഞ്ഞാലിൽ

26 - റവ. ഫാ. കുര്യാക്കോസ് തളിയത്ത്
റവ. ഫാ. തോമസ് മൂലവീട്ടിൽ

28 - റൈറ്റ് റവ. ജോസഫ് ഞായല്ലൂർ റമ്പാൻ

29 - റവ. ഫാ. ജേക്കബ് പുത്തൻവീട്ടിൽ

31 - റവ. ഫാ. ലൂക്കോസ് മാക്കിൽ

# സ്മരണീയ ദിനങ്ങൾ

## 2020 ആഗസ്റ്റ്

| | | |
|---|---|---|
| 1 | ശ | **പതിനഞ്ചു നോമ്പാരംഭം** |
| | | വി. അൽഫോൺസ് ലിഗോരി |
| 2 | **ഞാ** | **പെന്തിക്കൊസ്തിക്കുശേഷം ഒൻപതാം ഞായർ** |
| | | **മലങ്കര സുറിയാനി കത്തോലിക്കാ സണ്ടേസ്കൂൾ ദിനം** |
| 4 | ചൊ | **വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനി** |
| 5 | ബു | **പാറശ്ശാല ഭദ്രാസന സ്ഥാപന ദിനം (2017)** |
| 6 | വ്യാ | **നമ്മുടെ കർത്താവിന്റെ തേജസ്ക്കരണം** |
| 9 | **ഞാ** | **തേജസ്ക്കരണശേഷം ഒന്നാം ഞായർ** |
| | | **മാർ മത്തിയാസ് ശ്ലീഹാ** |
| 11 | ചൊ | മിക്കാ നിബിയ, വി.ക്ലാര |
| 13 | വ്യാ | മാർ ഹിപ്പോളിറ്റസ്, വി. ജോൺ ബെർക്കുമെൻസ് |
| 14 | വെ | വി. മാക്സിമിലൻ കോൾബെ |
| 15 | **ശ** | **ശൂനോയോ പെരുന്നാൾ** |
| | | (വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം) |
| | | **പതിനഞ്ചു നോമ്പുവീടൽ** |
| | | **വികാരി കുർബാന** |
| | | **മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ മെത്രാഭിഷേക വാർഷികം (2001)** |
| | | ഭാരത സ്വാതന്ത്ര്യദിനം |
| 16 | **ഞാ** | **തേജസ്ക്കരണശേഷം രണ്ടാം ഞായർ** |
| | | **സാമൂഹ്യനീതി ഞായർ** |
| 23 | **ഞാ** | **തേജസ്ക്കരണശേഷം മൂന്നാം ഞായർ** |
| | | മാർ ഒസ്താത്തിയോസ് |
| 25 | ചൊ | മാർ തീത്തോസ് |
| 27 | വ്യാ | വി. മോനിക്ക |
| 28 | വെ | വി. അഗസ്റ്റിൻ |
| 29 | ശ | യോഹന്നാൻ മാംദാനയുടെ ശിരച്ഛേദം |
| | | **വി. ഏവുപ്രാസിയ** |
| 30 | **ഞാ** | **തേജസ്കരണശേഷം നാലാം ഞായർ** |
| | | അരിമത്യായിലെ യൗസേപ്പും നിക്കോദിമോസും |

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# സണ്ടേസ്കൂൾ ദിനം - 2020

ബഹു. വൈദികരേ, സന്യസ്തരേ, അധ്യാപകരേ, മാതാപിതാക്കളേ, പ്രിയ വിദ്യാർത്ഥികളേ,

ഏവർക്കും ത്രിയേകദൈവനാമത്തിൽ വന്ദനം!

“എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക! എന്റെ അന്തരംഗമേ അവിടുത്തെ വിശുദ്ധ നാമത്തെ പുകഴ്ത്തുക. (സങ്കീ. 103:1)

ദൈവത്തെ വാഴ്ത്തി പുകഴ്ത്തുന്ന ദൈവജനമാണ് നാം. കോവിഡ് 19 എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രാർത്ഥനയും ആരാധനയും വിശ്വാസ തീക്ഷ്ണതയും വ്യക്തിപരമായ തലങ്ങളിൽ ആഴപ്പെടുന്നുണ്ട് എന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഈ ഒരു സാഹചര്യത്തിലാണ് ഈ വർഷത്തെ വിശ്വാസ പരിശീലന ദിനം നാം ആചരിക്കുന്നത്. ഗാർഹിക സഭയായ കുടുംബത്തിൽ മാതാപിതാക്കളും മക്കളും വിശ്വാസം ഗൗരവമായി ജീവിക്കുവാൻ ശ്രമിക്കുക എന്നതാണ് ഈ മഹാമാരിയുടെ നടുവിൽ നാം ഏറ്റെടുക്കുന്ന വെല്ലുവിളി. ദൈവാലയത്തിലെ വിശ്വാസ പരിശീലന വേദികളിലൂടെ കുഞ്ഞുങ്ങൾക്ക് വേദപാഠക്ലാസ്സുകൾ നൽകാൻ ഈ അവസ്ഥയിൽ സാധിക്കുന്നില്ലെങ്കിലും ലഭ്യമായ Online ക്ലാസ്സുകളിലൂടെ കുഞ്ഞുങ്ങൾ ദൈവീക കാര്യങ്ങളെപ്പറ്റി അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നുണ്ട് എന്ന് കരുതുന്നു. മാതാപിതാക്കൾ ഭവനങ്ങളിൽ മതബോധനം നൽകുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു സമയമാണല്ലോ ഇത്. ആദിമ സഭാംഗങ്ങളുടെ അരൂപി നമ്മുടെ ഭവനങ്ങളിൽ പറന്നിറങ്ങാൻ ഇത് ഏറെ സഹായകമാകുമെന്നതിൽ സംശയമില്ല. “അവർ അപ്പോസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിയ്ക്കൽ, പ്രാർത്ഥന

എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു" (അപ്പ. 2:42). ഈ വിശ്വാസ പരിശീലന ദിനത്തിൽ എനിക്ക് നിങ്ങളോട് പറയാനുള്ളതും ഇതു തന്നെയാണ്. കുടുംബമെന്ന നിലയിൽ നമ്മുടെ വിശ്വാസ ജീവിതത്തെ ആഴമുള്ളതാക്കുവാൻ നമ്മുടെ കുടുംബാരാധനകൾക്ക് സാധിക്കണം. മാതാപിതാക്കൾ തങ്ങളുടെ സാക്ഷ്യ ജീവിതം മക്കൾക്ക് പകർന്നുകൊടുക്കണം. അതുതന്നെയാണ് പ്രഥമവും പ്രധാനവുമായ വിശ്വാസ പരിശീലനം എന്ന് എടുത്തുപറയേണ്ടതില്ലല്ലോ. കോവിഡ് 19 മഹാമാരിയും പലവിധ അസ്വസ്ഥതകളും വേദനകളും പ്രതികൂലസാഹചര്യങ്ങളും അഭിമുഖീകരിക്കേണ്ട സാഹചര്യത്തിൽ നമ്മെ പിടിച്ചുനിർത്തുന്നത്, ബലം പകരുന്നത്, നമ്മെ പ്രത്യാശയോടെ മുന്നോട്ട് നയിക്കേണ്ടത് നമ്മുടെ കർത്താവിലുള്ള അചഞ്ചലമായ വിശ്വാസമാണെന്ന് ഓർക്കുക. കർത്താവിന്റെ സ്നേഹം നമ്മെ പിരിയുന്നില്ല - ഒരു പ്രതികൂലത്തിലും.

നാളെ നമ്മുടെ കുടുംബങ്ങളെ, സമൂഹത്തെ നയിക്കേണ്ടത് നമ്മുടെ കുഞ്ഞുമക്കളാണ്. മക്കളെ ശ്രദ്ധയോടെ വളർത്തുന്നതിൽ മാതാപിതാക്കൾ ജാഗരൂകരായിരിക്കുക. ഇപ്പോൾ ഏറെ സമയവും അവർ കുടുംബാന്തരീക്ഷത്തിലാണ് സമയം ചെലവഴിക്കുന്നത്. വ്യായാമവും, വിശ്രമവും, പ്രാർത്ഥനയും, പഠനവും, വിനോദവും, വിജ്ഞാനവും ഇടകലർന്ന സമയക്രമീകരണം കുടുംബങ്ങളിൽ മാതാപിതാക്കൾ ഒരുക്കണം. നവമാധ്യമങ്ങളുടെ അതിരുകടന്ന സ്വാധീന വലയത്തിൽ നമ്മുടെ കുഞ്ഞുങ്ങൾ അകപ്പെടാതിരിക്കാൻ വലിയ കരുതൽ മാതാപിതാക്കൾക്ക് ഉണ്ടായിരിക്കണം.

പ്രിയ കുഞ്ഞുങ്ങളേ, വിദ്യാലയത്തിലും ദൈവാലയത്തിലും കടന്നുചെല്ലാൻ കഴിയാത്ത ഈ സ്ഥിതിയിൽ ഭവനങ്ങളിലായിരുന്നുകൊണ്ട് ദൈവത്തിനും മനുഷ്യർക്കും പ്രിയപ്പെട്ടവരായി വളരുവാൻ വേണ്ട എല്ലാ ദൈവാനുഗ്രഹങ്ങൾക്കായും പ്രാർത്ഥിക്കുന്നു. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ യുവജനങ്ങൾക്കു നല്കിയ ഒരു ഉപദേശം ഇത്തരുണത്തിൽ പ്രസക്തമാണ്. "കർത്താവിനെ അന്വേഷിക്കുക, അവിടുത്തെ വചനം പാലിക്കുക, നമ്മുടെ ജീവിതം അവിടുത്തേക്ക് ഭരമേല്പിക്കുക, സദ്ഗുണങ്ങളിൽ വളരുക... അവിടുന്നുമായി 'ഓൺലൈനിൽ' നിലനില്ക്കുക... ഇന്റനെറ്റുമായുള്ള ബന്ധം നഷ്ടപ്പെടാതിരിക്കുവാൻ നീ പരിശ്രമിക്കുന്നതുപോലെ, കർത്താ

വുമായി ബന്ധപ്പെട്ട് നിലകൊള്ളുന്നുവെന്ന് ഉറപ്പുവരുത്തുക." (*ക്രിസ്തു ജീവിക്കുന്നു*. No. 158). സമയം ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കുമല്ലോ! അലസതയും മടിയും മാറ്റിവച്ച് ഉത്സാഹപൂർവ്വം പഠനത്തിലും പ്രാർത്ഥനയിലും വളരുവാൻ ശ്രമിക്കുക. "ആരും ആരോടും തിൻമയ്ക്കുപകരം തിൻമചെയ്യാതിരിക്കാനും തമ്മിൽതമ്മിലും എല്ലാവരോടും സദാനന്മചെയ്യുവാനും ശ്രദ്ധിക്കുവിൻ. എപ്പോഴും സന്തോഷത്തോടെ ഇരിക്കുവിൻ ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം. ആത്മാവിനെ നിങ്ങൾ നിർവീര്യമാക്കരുത്. പ്രവചനങ്ങളെ നിന്ദിക്കരുത്. എല്ലാം പരിശോധിച്ച് നോക്കുവിൻ. നല്ലവയെ മുറുകെ പിടിക്കുവിൻ എല്ലാത്തരം തിൻമകളിലും നിന്ന് അകന്നു നിൽക്കുകയും ചെയ്യുവിൻ." (1 തെസ. 5:15-22). തിൻമയുടെ സ്വാധീനം ഒരിക്കലും നിങ്ങളെ കീഴടക്കാതിരിക്കട്ടെ. പ്രയാസമേറിയ ഈ സമയത്ത് കൂടുതൽ പ്രത്യാശയോടും സ്നേഹത്തോടും നമ്മുടെ ജീവിതത്തെ ക്രമീകരിക്കുവാൻ ശ്രമിക്കാം.

വിശ്വാസപരിശീലനദിനത്തിന്റെ എല്ലാ ആശംസകളും നേരുന്നു.



**✠ തോമസ് മാർ യൗസേബിയോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ.

23.07.2020
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

---

N.B. ഈ സർക്കുലർ സണ്ടേസ്ക്കൂൾ ദിനമായ 2020 ആഗസ്റ്റ് 2-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കുകയോ സാധ്യമായ രീതിയിൽ നമ്മുടെ വിശ്വാസികളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.



അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി  കബറിങ്കൽ ധൂപം അർപ്പിക്കുന്നു.
(14 ജൂലൈ 2020, പട്ടം കത്തീഡ്രൽ)



ദൈവദാസൻ മാർ ഈവാനിയോസ് ഓർമ്മപ്പെരുന്നാളിൽ സഭയെ മുഴുവൻ പ്രതിനിധാനം ചെയ്ത്
എല്ലാ വിശ്വാസികളുടെയും നിയോഗംപേറി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി
മെഴുകുതിരി പ്രദക്ഷിണ നേർച്ച നടത്തുന്നു. (14 ജൂലൈ 2020, പട്ടം കത്തീഡ്രൽ)

KL/TV(N)461/2009-11 RN, KERBIL 01108/11/1/97-TC
THIRUVANANTHAPURAM MAJOR ATHIBHADRASANA BULLETIN, PRICE RS.5/-

# ശ്രേഷ്ഠാചാര്യ ശുശ്രൂഷയിൽ ഇരുപതാം വർഷത്തിലേയ്ക്ക്

(ആഗസ്റ്റ് 15)



## മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയ്ക്ക്

## പ്രാർത്ഥനാശംസകൾ

Printed and Published by the Chancellor, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116